## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3858** **15-07-2022 - ൽ മറുപടിയ്ക്ക്**

## ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ കിഫ്ബി പ്രോജക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ കിഫ്ബി പ്രോജക്ട് എന്നാണ് ആരംഭിച്ചതെന്നും അതിൽ ഏതെല്ലാം വിഭാഗങ്ങളുടെ പ്രവൃത്തിയുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും വ്യക്തമാക്കാമോ; | (എ) | ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി മുഖേന കെട്ടിട നിർമ്മാണത്തി നായി 70.72 കോടി രൂപയുടെ ഭരണാനു മതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തി യുടെ 1-ാം ഘട്ടത്തിലെ ഹെറിറ്റേജ് ബിൽഡിംഗിന്റെ വർക്കുകൾ പൂർത്തീ കരിച്ചിട്ടുണ്ട്. പുതിയ ആശുപത്രി ബിൽഡിം ഗിൽ സിവിൽ വർക്കുകൾ 20/02/2019 ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തിയേറ്റർ, എക്സ്റേ, എം.ആർ.ഐ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ഓർത്തോ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യ ങ്ങളാണ് ഉൾപ്പെടുത്തിയി രിക്കുന്നത്. നിലവിൽ പദ്ധതിയുടെ 70% പൂർത്തീകരി ച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ട് പൂർത്തിയാക്കുന്നതിന് ഇനി നടപ്പാക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണെന്നും അതിന്റെ ഇപ്പോഴത്തെ പുരോഗതി എന്താണെന്നും വിശദീകരിക്കാമോ; | (ബി) | പ്രസ്തുത പ്രവർത്തിയുടെ 2-ാം ഘട്ടമായി സിവിൽ വർക്കുകളും മൂന്നാം ഘട്ടമായി - എം.ഇ.പി വർക്കുകളുമാണ് ഇനി നടപ്പാക്കാനുള്ളത് ഇവയുടെ സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കോവിഡ് ഒഴികെയുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (സി) | ഉണ്ട്. പദ്ധതി പ്രദേശത്തെ മണ്ണ് മാറ്റുന്നതും എം.ഇ.പി പ്രവർത്തിയുടെ ടെണ്ടറുകളുമായി ബന്ധപ്പെട്ടുള്ള നടപടി കൾ പൂർത്തിയാക്കുന്നതും പദ്ധതിയുടെ നിർവ്വഹണത്തിന് കാല താമസം വരുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത പ്രവർത്തിയുടെ കരാറുകാരനെ നിശ്ചയിക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | പ്രസ്തുത പ്രോജക്ട് എന്ന് പൂർത്തിയാക്കാനാകും എന്ന് വിലയിരുത്തിയിട്ടുണ്ടോ എങ്കിൽ അക്കാര്യം വെളിപ്പെടുത്താമോ? | (ഡി) | ഉണ്ട്. പദ്ധതി പ്രദേശത്തെ മണ്ണ് മാറ്റുന്നതും എം.ഇ.പി പ്രവർത്തിയുടെ ടെണ്ടറുകളുമായി ബന്ധപ്പെട്ടുള്ള നടപടി കൾ പൂർത്തിയാക്കുന്നതും പദ്ധതിയുടെ നിർവ്വഹണത്തിന് കാല താമസം വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവർത്തിയുടെ കരാറുകാരനെ നിശ്ചയിക്കുന്ന മുറയ്ക്ക് ഒരു വർഷത്തിനകം പ്രവർത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ